prepp

Practice, Learn and Achieve Your Goal with Prepp

# UGC NET Exam

Malayalam

Simplifying
**Government Exams**

SSC CHSL | IAS EXAM | RRB NTPC | NTSE | CDS
SSC CGL | CBSE UGC NET | IBPS PO | NDA
SBI PO | IBPS CLERK | AFCAT | SSC JE | CTET
CSIR UGC NET | CAPF | IBPS RRB

www.prepp.in

# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) ____________________________

(Name) ____________________________

2. (Signature) ____________________________

(Name) ____________________________

**D 2 2 1 2**

OMR Sheet No. : ..............................................

(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No.____________________________

(In words)

Time : **1 $^{1}/_{4}$** hours]

[Maximum Marks : **100**

Number of Pages in this Booklet : **12**

Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** (A) (B) ● (D)
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Paper I Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, you will render yourself liable to disqualification.
9. You have to return the test question booklet and Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** (A) (B) ● (D)
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई अंक काटे नहीं जाएँगे ।**



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

# മലയാളം
# MALAYALAM
## Paper – II

**Note :** This paper contains **fifty (50)** objective type questions of **two (2)** marks each. All questions are compulsory.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** ദ്രാവിഡഭാഷകളുടെ നിരുക്തി നിഘണ്ടു തയ്യാറാക്കിയത്.

(A) എമനൊ (B) ബറോ

(C) എമനോയും ബറോയും (D) ആന്ദ്രനോവ്

**2.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | കസേര | i. | അറബി |
| b. | കക്കൂസ് | ii. | പോർത്തുഗീസ് |
| c. | കവാത്ത് | iii. | ഡച്ച് |
| d. | സുനാമി | iv. | ജാപ്പനീസ് |
| | | v. | ഇംഗ്ലീഷ് |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | v | ii | iv | i |
| (B) | iii | ii | i | iv |
| (C) | ii | iii | i | iv |
| (D) | ii | iii | iv | i |

**3.** **കാര്യം** : കാൽഡ്വലാണ് ദ്രാവിഡ ഭാഷാഗോത്ര സങ്കല്പം അവതരിപ്പിച്ചത് എന്ന ധാരണ ശരിയല്ല.

**കാരണം** : ദ്രാവിഡ ഭാഷകളുടെ ഗോത്രബന്ധത്തെക്കുറിച്ച് എഫ്. ഡബ്ല്യൂ. എല്ലീസ് നേരത്തെ എഴുതിയിരുന്നു.

(A) കാര്യവും കാരണവും ശരി.

(B) കാര്യം ശരി; കാരണം തെറ്റ്. ലീലാതിലകം തന്നെ ഇക്കാര്യം വിശദീകരിച്ചിരുന്നു.

(C) കാര്യം തെറ്റ്; കാരണവും തെറ്റ്.

(D) കാര്യം ശരി; കാരണം തെറ്റ്. തമിഴ് വൈയാകരണന്മാർ ഇതു ചൂണ്ടിക്കാട്ടിയിരുന്നു.

**4.** 'നടനാകിയ കാർകാലം വന്നൊരു
നാടകമാടും പൊലിവിതു പാരായ്'

– ഈ കല്പന ഏതു കൃതിയിൽ നിന്ന് ?

(A) രാമചരിതം (B) രാമകഥപ്പാട്ട്

(C) രാമായണം ചമ്പു (D) കണ്ണശ്ശരാമായണം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

5. 'അസ്തഗിരീശ്വര മസ്തകസീമനി
ഭാസ്കരഭഗവാൻ മറയുന്നേരം...'
എന്നു തുടങ്ങുന്ന ഭാഗം ഏതു കൃതിയിൽ നിന്ന് ?

(A) രാമായണം ചമ്പു
(B) നൈഷധം ചമ്പു
(C) ഉത്തരാസ്വയംവരം
(D) ഉണ്ണിയച്ചീ ചരിതം

6. "ഇടത്തു പാടുചേടിമാർ വലത്തു പാടുപൂതമാ-
യടിത്തളിർപ്പുണർക്കു പൊർച്ചിലമ്പിനോടെലുമ്പുമി
ട്ടുടുത്ത കൂറയാം പുലിത്തൊലിക്കു കൂറപാതിയായ്
പിടിച്ചലിലയാശുകം ശുകന്നു മുന്നിൽ മുദ്രയും."
– ഏതു കാവ്യത്തിലേതാണ് ഈ അർദ്ധനാരീശ്വര വർണ്ണനം ?

(A) ഉണ്ണിയാടീ ചരിതം
(B) ഉണ്ണിച്ചിരുതേവി ചരിതം
(C) ഉണ്ണിയച്ചീ ചരിതം
(D) ചെറിയച്ചി

7. എൽ.വി. രാമസ്വാമി അയ്യരുടെ കൃതി.

(A) ഇവല്യൂഷൻ ഓഫ് മലയാളം
(B) ഗ്രാമർ ഇൻ ലീലാതിലകം
(C) ദ്രവീഡിയൻ നൗൺസ്
(D) ദ്രവീഡിയൻ വെർബ് മോർഫോളജി

8. അംഗുലീയാങ്കം

(i) രാമായണം ചമ്പുവിൽ
(ii) ആശ്ചര്യചൂഡാമണി നാടകത്തിൽ
(iii) ഉത്തരരാമചരിതം നാടകത്തിൽ
(iv) മത്തവിലാസത്തിൽ

(A) (i) മാത്രം ശരി
(B) (ii) മാത്രം ശരി
(C) (ii) ഉം (iii) ഉം ശരി
(D) (i) ഉം (ii) ഉം ശരി

9. ഉണ്ണിയാടീചരിതം, ഉണ്ണിച്ചിരുതേവിചരിതം എന്നീ പേരുകൾ നൽകിയത് ആര് ?

(A) ഉള്ളൂർ
(B) എ. ആർ.
(C) ഇളംകുളം
(D) ആറ്റൂർ

10. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | വടക്കൻ പാട്ടുകൾ | i. | സാംബശിവ ശാസ്ത്രികൾ |
| b. | എടനാടൻ പാട്ട് | ii. | രാഘവൻ പയ്യനാട് |
| c. | പുരാതനപ്പാട്ടുകൾ | iii. | പി. എൽ. ലൂക്കോസ് |
| d. | വലവീശു പുരാണം | iv. | എം.സി. അപ്പുണ്ണി നമ്പ്യാർ |
| | | v. | കെ.ആർ. സജിത |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | v | ii | iv | i |
| (B) | v | ii | iii | iv |
| (C) | iv | v | iii | i |
| (D) | v | iv | iii | i |



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

11. ദാരികവധം കഴിഞ്ഞുവരുന്ന കാളിയുടെ കലി അടക്കാൻ ശിവൻ ശ്രമിക്കുന്നതും ഭടജനങ്ങളെകൊണ്ട് കോലംകെട്ടി ആടിക്കുന്നതും.

(A) കണ്യാർകളി (B) സംഘക്കളി
(C) പടയണി (D) മുടിയേറ്റ്

12. മാപ്പിളപ്പാട്ടുകളെക്കുറിച്ച് പഠിച്ചു ഇന്ത്യൻ ആന്റിക്വറിയിൽ ലേഖനം പ്രസിദ്ധീകരിച്ച വിദേശി.

(A) ഗുണ്ടർട്ട് (B) പേഴ്സി മകിൻ
(C) ലോഗൻ (D) ഫോസ്റ്റ്

13. ശാസനങ്ങളെക്കുറിച്ചു പഠനം നടത്തിയവരുടെ ഏറ്റവും ചേർച്ചയുള്ള ഗണം.

(A) ഇളംകുളം, എ.സി. ശേഖർ, എം.ജി.എസ്.
(B) പുതുശ്ശേരി, രത്നമ്മ, എൽ.വി.ആർ.
(C) ഇ.എം.എസ്, എൽ.വി.ആർ, എ.സി. ശേഖർ
(D) സി. എൽ. ആന്റണി, ഗോദവർമ്മ, എൽ.വി.ആർ.

14. 'മധ്യകാല മലയാള'ത്തിന്റെ കർത്താവ്.

(A) കെ. രാഘവൻ പിള്ള (B) എൻ.ആർ. ഗോപിനാഥ പിള്ള
(C) പി.വി. വേലായുധൻ പിള്ള (D) പുതുശ്ശേരി രാമചന്ദ്രൻ

15. ഭാഷാകൗടലീയത്തിന്റെ പാഠസംസ്കരണവും വിശദപഠനവും നിർവ്വഹിച്ചത്.

(A) ഗണപതി ശാസ്ത്രികൾ (B) കെ.എൻ. എഴുത്തച്ഛൻ
(C) സാംബശിവ ശാസ്ത്രികൾ (D) ശ്യാമ ശാസ്ത്രികൾ

16. 'കുണ്ഠനായീടൊലാ കണ്ടതെല്ലാമഹം'

– മഹാഭാരതം കിളിപ്പാട്ടിലെ സന്ദർഭം.

(A) വിലപിക്കുന്ന അർജ്ജുനനെ ധർമ്മപുത്രർ ആശ്വസിപ്പിക്കുന്നു.
(B) ഗാന്ധാരിയെ ശ്രീകൃഷ്ണൻ ആശ്വസിപ്പിക്കുന്നു.
(C) ഗീതയുപദേശിക്കുന്നു.
(D) ശരശയ്യയിൽ ഭീഷ്മരോടു ശ്രീകൃഷ്ണൻ പറയുന്നു.

17. ഋതുവായ പെണ്ണ്, ഇരപ്പൻ, ദാഹകൻ, പതിതൻ, അഗ്നിയജനം ചെയ്ത ഭൂസുരൻ എന്നിവർക്ക് ഒന്നുപോലെ നാമകീർത്തനമാകാം എന്നു ഉദ്ബോധിപ്പിക്കുന്ന കൃതി.

(A) ജ്ഞാനപ്പാന (B) ചിന്താരത്നം
(C) ഹരിനാമ കീർത്തനം (D) ഭാഗവതം കിളിപ്പാട്ട്

18. നിയമം, ചട്ടം എന്നീ അർത്ഥങ്ങളിൽ ആദ്യകാല മലയാള രേഖകളിൽ സുലഭമായി കാണുന്ന വാക്ക്.

(A) നിയമം (B) ധർമ്മം
(C) ആചാരവും മര്യാദയും (D) കീഴ്വഴക്കം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

19. **കാര്യം** : മറ്റ് ആട്ടക്കഥകളെ അപേക്ഷിച്ചു കഴിഞ്ഞ കാലത്തു നളചരിതത്തിന്റെ രംഗാവതരണം വിരളമായിരുന്നു.

**കാരണം** : (i) കഥാപാത്രങ്ങളുടെ അന്തർസ്സംഘർഷങ്ങൾക്കു നൽകിയ പ്രാധാന്യം.

(ii) സാത്വികാഭിനയത്തിനുള്ള ക്ലേശം.

(iii) ബാഹ്യസംഘർഷങ്ങളുടെ കുറവ്.

(iv) പ്രേക്ഷകഭാവുകത്വവുമായി ഉണ്ടായിരുന്ന പൊരുത്തക്കേട്

(A) (iv) മാത്രം ശരി (B) (i)ഉം (iii)ഉം (iv)ഉം ശരി

(C) (i)ഉം (ii)ഉം ശരി (D) (i)ഉം (iv)ഉം ശരി

20. പ്രസിദ്ധമായ നിണവേഷം വരുന്നത്.

(A) ദുര്യോധന വധം (B) താടകാ വധം

(C) കിർമ്മീര വധം (D) ബക വധം

21. **കാര്യം** : ചമ്പുക്കൾക്കും ആട്ടക്കഥകൾക്കും അസാധ്യമായിരുന്ന തോതിൽ സാമൂഹിക പ്രക്രിയയിൽ ഇടപെടാൻ തുള്ളലുകൾക്കു കഴിഞ്ഞു.

**കാരണം** : പുരാണേതിഹാസങ്ങളെ മാറിയ സാമൂഹിക സന്ദർഭങ്ങളിൽ പുനഃപ്രതിഷ്ഠിച്ചു ബഹുസ്വരതയാർന്ന പൊതുസ്ഥലം തുള്ളലുകൾ രൂപപ്പെടുത്തി.

(A) കാര്യം ശരി, കാരണം തെറ്റ്. (B) കാര്യവും കാരണവും ശരി.

(C) കാര്യവും കാരണവും തെറ്റ്. (D) കാര്യം തെറ്റ്, കാരണം ശരി.

22. വർത്തമാനപ്പുസ്തകത്തിനു മലയാള സാഹിത്യ ചരിത്രത്തിൽ ഇന്നുള്ള പദവിക്കു കാരണം

(i) പാശ്ചാത്യ സ്വാധീനത്തിലുള്ള ഗദ്യശൈലി

(ii) ആത്മഭാവം കലർന്ന ഗദ്യം

(iii) ചരിത്രമൂല്യം

(iv) സഞ്ചാരസാഹിത്യകൃതി എന്ന നിലയിൽ നൽകുന്ന പാശ്ചാത്യാനുഭവത്തിന്റെ പുതുമ.

(A) (iv) മാത്രം ശരി (B) (ii) മാത്രം ശരി

(C) (iii)ഉം (iv)ഉം ശരി (D) (i) ശരി

23. കൊളിൻസിന്റെ നിഘണ്ടു.

(A) മലയാളം-മലയാളം നിഘണ്ടു (B) ഇംഗ്ലീഷ്-മലയാളം നിഘണ്ടു

(C) മലയാളം-ഇംഗ്ലീഷ് നിഘണ്ടു (D) സംസ്കൃതം-മലയാളം നിഘണ്ടു

24. ഒരു വിലാപത്തിൽ സി.എസ്. സുബ്രഹ്മണ്യൻ പോറ്റി വിലപിക്കുന്നതു ആരുടെ വേർപാടിൽ ?

(A) കാമുകിയുടെ (B) മകളുടെ

(C) ഭാര്യയുടെ (D) സുഹൃത്തിന്റെ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**25.** ഏതു ഗണമാണ് പ്രസിദ്ധീകരണം തുടങ്ങിയ കാലക്രമത്തിലുള്ളത് ?

(A) ജ്ഞാനനിക്ഷേപം, കവനകൗമുദി, വിദ്യാവിനോദിനി, രസികരജ്ഞിനി

(B) രസികരജ്ഞിനി, ജ്ഞാനനിക്ഷേപം, വിദ്യാവിനോദിനി, കവനകൗമുദി

(C) ജ്ഞാനനിക്ഷേപം, വിദ്യാവിനോദിനി, രസികരജ്ഞിനി, കവനകൗമുദി

(D) കവനകൗമുദി, വിദ്യാവിനോദിനി, രസികരജ്ഞിനി, ജ്ഞാനനിക്ഷേപം

**26.** 'കവികൾ ഒന്നാമതായും രണ്ടാമതായും മൂന്നാമതായും ശ്രദ്ധിക്കേണ്ടതു അർത്ഥ-പുഷ്ടിയിലാണ്. പിന്നെ വേണമെങ്കിൽ അലങ്കാരത്തിലാവാം.'എന്നു പ്രസ്താവിച്ചത് :

(A) എ.ആർ

(B) സി.പി. അച്യുത മേനോൻ

(C) സാഹിത്യ പഞ്ചാനനൻ

(D) കെ.സി. കേശവ പിള്ള

**27.** ശരിയായ ഗണം ഏത് ?

| | | | |
|---|---|---|---|
| a. | കേരളം | i. | പന്തളം കേരളവർമ്മ |
| b. | ഉമാകേരളം | ii. | കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ |
| c. | മലയാംകൊല്ലം | iii. | കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| d. | രുഗ്മാംഗദ ചരിതം | iv. | ഉള്ളൂർ |
| | | v. | അഴകത്തു പത്മനാഭ കുറുപ്പ് |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | v | iii | ii | i |
| (B) | iv | i | iii | v |
| (C) | iii | iv | i | ii |
| (D) | iii | iv | ii | i |

**28.** ഉള്ളൂർ മറ്റുള്ളവരുമായി ചേർന്നെഴുതിയ കൂട്ടുകവിത.

(A) ചിത്രശാല

(B) അരുണോദയം

(C) മണിമഞ്ജുഷ

(D) കിരണാവലി

**29.** ചണ്ഡാലഭിക്ഷുകിയുടെ അവതാരിക.

(A) വള്ളത്തോൾ

(B) ഉള്ളൂർ

(C) കേരളവർമ്മ

(D) കെ.സി. കേശവ പിള്ള

**30.** 'മരിക്കസാധരണമീ വിശപ്പിൽ
ദഹിക്കലോ നമ്മുടെ നാട്ടിൽ മാത്രം
ഐക്യക്ഷയത്താലടിമശ്ശവങ്ങ-
ളടിഞ്ഞുകൂടും ചുടുകാട്ടിൽ മാത്രം'

– ആരുടെ വരികൾ ?

(A) കെ.പി.ജി. നമ്പൂതിരി

(B) കെടാമംഗലം പപ്പുക്കുട്ടി

(C) വയലാർ രാമവർമ്മ

(D) വള്ളത്തോൾ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click Know More

31. 'ആഴമേറീടുന്നൊരാഴികടക്കിലും
ആഴക്കുവെള്ളത്തിൽ മുങ്ങിമരിക്കണം'

– ആരുടെ വരികൾ ?

(A) ചങ്ങമ്പുഴ
(B) കുഞ്ഞിരാമൻ നായർ
(C) ഇടപ്പള്ളി
(D) പാലാ

32. വൈലോപ്പിള്ളി – വാക്കുകളുടെ മന്ത്രശക്തി എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.

(A) എം.കെ. സാനു
(B) എസ്. രാജശേഖരൻ
(C) എം. ലീലാവതി
(D) കെ.പി. മോഹനൻ

33. ശരിയായ ഗണമേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | എന്റെയീശ ! ദൃഢമീപ്പദാംബുജ-<br>ത്തിന്റെ സീമയതു പോകിലില്ല, ഞാൻ. | i. | സച്ചിദാനന്ദൻ |
| b. | കാണെകാണെച്ചീർക്കുന്നു കാളവർഷാം-<br>ബുദമെന്നോണം ഇപ്പോൾപ്പെയ്യും കണ്ണിൽ നി-<br>ന്നിപ്പോളിപ്പോൾ പേമാരി | ii. | സുഗതകുമാരി |
| c. | ഒരു താരകയെക്കാണുമ്പോളതു രാവുമറക്കും<br>പുതുമഴകാൺകെ വരൾച്ച മറക്കും<br>പാൽച്ചിരികണ്ടതു മൃതിയെ മറന്നു ചിരിച്ചേ പോകും | iii. | ആശാൻ |
| d. | എനിക്കു വിശ്വസിക്കാൻ വയ്യ<br>മുലപ്പാൽകൊണ്ടു തീയാളിക്കാമെന്ന്.<br>താരാട്ടുകൊണ്ട് ഭൂകമ്പമുണ്ടാക്കാമെന്ന് | iv. | ഒളപ്പമണ്ണ |
| | | v. | മുരുകൻ കാട്ടാക്കട |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | iv | v | i | iii |
| (B) | i | v | iii | iv |
| (C) | iii | iv | ii | i |
| (D) | iii | iv | i | ii |

34. **കാര്യം** : കേവല ഭാവഗാനത്തിൽ നിന്നു ഉയർന്നു നിൽക്കുന്നു കളിയച്ഛൻ.

**കാരണം** :
(i) ഗാനാത്മകത
(ii) ഏകാഗ്രത
(iii) നാടകീയത
(iv) ഋജുത്വം

(A) (i) ശരി
(B) (ii) ശരി
(C) (iii) ശരി
(D) (iv) ശരി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

35. 'ക്ഷണത്തിൽച്ചെന്നു ഞെരുങ്ങി നിന്നഹോ ഹിമ-
കണത്തിൽ ബിംബിച്ചുകാണും കാനനം പോലെ'
– ഇവിടെ ശ്രദ്ധേയമായത്.

(i) അലങ്കാരം (ii) താളം
(iii) ക്രിയാധിക്യം (iv) തത്ത്വചിന്ത

(A) (iii) ശരി (B) (iii)ഉം (iv)ഉം ശരി
(C) (ii) ശരി (D) (i) ശരി

36. **കാര്യം** : ആശാന്റെ ദുരവസ്ഥയെ സദവസ്ഥയെന്നു വിളിക്കാം എന്നു അയ്യപ്പപ്പണിക്കർ.
**കാരണം** : സഫല പ്രണയത്തിന്റെ കഥയാണ് ദുരവസ്ഥ.

(A) കാര്യം ശരി, കാരണം തെറ്റ്.
(B) കാര്യവും കാരണവും ശരി.
(C) കാര്യം തെറ്റ്, കാരണം ശരി.
(D) കാര്യവും കാരണവും തെറ്റ്.

37. **കാര്യം** : ആശാന്റെ മറ്റു നായകരിൽനിന്നു വ്യത്യസ്തനാണ് ചാത്തൻ.
**കാരണം** : (i) ഗുരുസ്ഥാനത്താണ്
(ii) സൂര്യസ്ഥാനത്താണ്
(iii) ആരാധകസ്ഥാനത്താണ്
(iv) സാമർത്ഥ്യം വർദ്ധിപ്പിക്കേണ്ടവനാണ്

(A) (i)ഉം (ii)ഉം ശരി (B) (i) ശരി
(C) (iii)ഉം (iv)ഉം ശരി (D) (iii) ശരി

38. 'കാണുന്നില്ല ഒരക്ഷരവും എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ ചരിത്രങ്ങൾ'
– കർത്താവ്.

(A) അജ്ഞാത കർത്തൃകം (B) പൊയ്കയിൽ അപ്പച്ചൻ
(C) കെ.പി. കറുപ്പൻ (D) രേണുകുമാർ

39. ചേരുംപടി ചേർക്കുക.

| പട്ടിക – I | പട്ടിക – II |
|---|---|
| a. ഫ്രാൻസിസ് ഇട്ടിക്കോര | i. സാറാ ജോസഫ് |
| b. എൻ മകളെ | ii. അംബികാ സുതൻ |
| c. മനുഷ്യനൊരാമുഖം | iii. ടി.ഡി. രാമകൃഷ്ണൻ |
| d. കുഞ്ഞമ്മയും കൂട്ടുകാരും | iv. സുഭാഷ് ചന്ദ്രൻ |
| | v. ഉറൂബ് |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | iii | ii | iv | v |
| (B) | v | ii | iv | iii |
| (C) | ii | v | iii | i |
| (D) | iii | iv | ii | v |



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**40.** ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | മാന്ത്രികൻ | i. | ബിന്ദുകൃഷ്ണൻ |
| b. | ഐഡന്റിറ്റി കാർഡ് | ii. | വീരാൻകുട്ടി |
| c. | തൊട്ടാൽ വാടരുത് | iii. | മുരുകൻ കാട്ടാക്കട |
| d. | പൂജ്യപാഠം | iv. | എസ്. ജോസഫ് |
| | | v. | മോഹനകൃഷ്ണൻ കാലടി |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | v | iv | iii | i |
| (B) | ii | iv | i | iii |
| (C) | ii | iv | v | iii |
| (D) | v | iv | i | iii |

**41.** ഏറ്റവും ചേർച്ചയുള്ള ഗണം ഏത് ?

(A) മുടിത്തെയ്യം, പെൺബുദ്ധി, ഭ്രാന്തൻ പൂക്കൾ, അമ്മ എന്നോടു പറഞ്ഞ നുണകൾ
(B) പെൺബുദ്ധി, ഭ്രാന്തൻ പൂക്കൾ, കാർഗിൽ, അമ്മ എന്നോടു പറഞ്ഞ നുണകൾ
(C) കാർഗിൽ, വേനലിന്റെ ഒഴിവ്, പെൺബുദ്ധി, ഭ്രാന്തൻ പൂക്കൾ
(D) വേനലിന്റെ ഒഴിവ്, പെൺബുദ്ധി, ഭ്രാന്തൻ പൂക്കൾ, അമ്മ എന്നോടു പറഞ്ഞ നുണകൾ

**42.** ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | മീനും കപ്പലും | i. | എസ്. ഗുപ്തൻ നായർ |
| b. | അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ | ii. | ആഷാ മേനോൻ |
| c. | തൂക്കക്കാരന്റെ ചിരി | iii. | രവീന്ദ്രൻ |
| d. | ഗൃഹദേശരാശികൾ | iv. | ഇ.പി. രാജഗോപാലൻ |
| | | v. | സുനിൽ പി. ഇളയിടം |

**കോഡ് ::**

| | a | b | c | d |
|---|---|---|---|---|
| (A) | v | ii | iii | i |
| (B) | v | iii | ii | i |
| (C) | iv | i | iii | i |
| (D) | iv | v | i | iii |

**43.** **കാര്യം** : എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങൾക്കു അരങ്ങിൽ പ്രചുരപ്രചാരം ലഭിച്ചില്ല.

**കാരണം** : (i) സമകാലിക നാടകവേദിയോട് നാടകകൃത്തിനുണ്ടായിരുന്ന താല്പര്യക്കുറവ്.
(ii) അന്തസ്സംഘർഷത്തോടു നാടകവേദിക്കുണ്ടായിരുന്ന താല്പര്യക്കുറവ്.
(iii) കൃഷ്ണപിള്ളയുടെ നാടകങ്ങളിലെ വൈദേശിക സ്വാധീനം.
(iv) പ്രൊഫഷണൽ നാടകരീതികളിൽ നിന്നു വ്യത്യാസമുണ്ടായിരുന്നില്ല.

(A) (i)ഉം (ii)ഉം ശരി
(B) (ii) മാത്രം ശരി
(C) (iii)ഉം (iv)ഉം ശരി
(D) (iv) ശരി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**44.** ശരിയായ കാലക്രമത്തിലുള്ളത് :

(A) ഊഞ്ഞാൽ, ചുണ്ടെലി, നിറമുള്ള നിഴലുകൾ, ഇണങ്ങാത്ത കണ്ണികൾ

(B) ഇണങ്ങാത്ത കണ്ണികൾ, ചുണ്ടെലി, ഊഞ്ഞാൽ, നിറമുള്ള നിഴലുകൾ

(C) നിറമുള്ള നിഴലുകൾ, ഇണങ്ങാത്ത കണ്ണികൾ, ഊഞ്ഞാൽ, ചുണ്ടെലി

(D) ഊഞ്ഞാൽ, ചുണ്ടെലി, നിറമുള്ള നിഴലുകൾ, ഇണങ്ങാത്ത കണ്ണികൾ

**45.** തകഴിയുടെ എട്ടുകഥകളെ ആസ്പദമാക്കി അടൂർ രണ്ടു സിനിമകൾ സംവിധാനം ചെയ്തു - ശരിയോ ?

(A) ഭാഗികമായി ശരി, എട്ടു കഥകൾ, ഒരു സിനിമ

(B) ഭാഗികമായി ശരി, നാലു കഥകൾ, രണ്ടു സിനിമകൾ

(C) ഭാഗികമായി ശരി, സിനിമ ചെയ്തതു രാമു കാര്യാട്ട്

(D) പൂർണ്ണമായും ശരി

താഴെ കൊടുത്തിട്ടുള്ള ഭാഗം വായിച്ചു തുടർന്നു വരുന്ന ചോദ്യങ്ങൾക്കു ഉത്തരം എഴുതുക.

കാളിദാസനെപ്പോലുള്ള മഹാകവികളുടെ കൃതികളിൽ കാണുന്ന അലങ്കാരങ്ങൾ തികച്ചും വ്യഞ്ജകങ്ങളാണ്; അതുകൊണ്ടുതന്നെ ധ്വനിയാണ്. വ്യംഗ്യപ്രധാനമായ കാവ്യം ധ്വനിയായിരിക്കുന്നതുപോലെ വ്യംഗ്യാർഥവും വ്യഞ്ജനാവ്യാപാരവും വ്യഞ്ജകമായ അർത്ഥവും വ്യഞ്ജകമായ ശബ്ദശില്പവും ധ്വനിയാണെന്ന ആനന്ദവർദ്ധനന്റെ മതം അഭിനവഗുപ്തൻ വ്യക്തമാക്കിയിട്ടുണ്ട്. ധ്വനിരൂപമായ അലങ്കാരങ്ങൾ കേവലം ബഹിരംഗങ്ങളല്ലെന്നും കാവ്യഭാഷയുടെ വേർപെടുത്താനാവാത്ത സൂക്ഷ്മസൗന്ദര്യഘടകങ്ങളാണെന്നുമുള്ള ധ്വന്യാലോക പ്രസ്താവം ശ്രദ്ധിക്കേണ്ടതാണ്; വാച്യവിശേഷങ്ങളാണ് രസത്തെ വ്യഞ്ജിപ്പിക്കേണ്ടത്. രൂപകം തുടങ്ങിയ അലങ്കാരങ്ങൾ വാച്യപ്രതിപാദകമായ ശബ്ദങ്ങളിലൂടെ രസത്തെ വ്യഞ്ജിപ്പിക്കുന്ന വാച്യവിശേഷങ്ങൾ തന്നെയാണ്, അതിനാൽ രസാദിവ്യഞ്ജനത്തിൽ അവ ബഹിരംഗങ്ങളല്ല (ധ്വ. 2.16 വൃത്തി). അലങ്കാരങ്ങളെ ഇങ്ങനെ ആന്തരികമായ വ്യഞ്ജകഘടകങ്ങളായി നിവേശിപ്പിച്ചുകൊണ്ട് ധ്വനികാവ്യം രചിക്കുമ്പോഴത്രേ കവിക്ക് മഹത്തായ ആത്മലാഭം - മഹാകവിത്വം - ഉണ്ടാകുന്നത്. ഈ നിലയ്ക്ക്, 'ഗുണങ്ങൾ ശൗര്യാദികൾ പോലെ ആത്മാവായ രസത്തിന്റെ ധർമ്മങ്ങൾ; അലങ്കാരങ്ങൾ കടകം മുതലായ ആഭരണങ്ങൾപോലെ ശരീരമായ ശബ്ദാർത്ഥങ്ങളുടെ ധർമ്മങ്ങൾ' (ധ്വ. 2.6) എന്നിങ്ങനെ ഗുണാലങ്കാരവിവേകം ചെയ്തിടത്ത് അലങ്കാരങ്ങളെ ബഹിർഭാഗസ്ഥമായ ആഭരണങ്ങളോടുപമിച്ചതിൽ ഏറെ വൈരുദ്ധ്യമുണ്ട്. ഒരുപക്ഷേ, അവിടെ അങ്ങനെ പ്രസ്താവിച്ചത് കൂടുതൽ ആന്തരികമായ ഗുണങ്ങളെ വേർതിരിച്ചു കാണിക്കുന്നതിനുവേണ്ടിയാകാം. ഏതായാലും, കേവലം ബഹിർഭൂഷണമല്ല യഥാർത്ഥമായ അലങ്കാരം എന്നുതന്നെയാണ് ധ്വന്യാചാര്യന്റെ അഭിസന്ധി.

ധ്വനിദർശനം അംഗീകരിച്ചുകൊണ്ട് പ്രസ്തരനിബന്ധങ്ങളെഴുതിയ അദ്ദേഹത്തിന്റെ അനുയായികളാകട്ടെ, അലങ്കാരങ്ങളുടെ രസഭാവവ്യഞ്ജകത്വത്തിലൂന്നിക്കൊണ്ടല്ല അവയെ വിവേചിച്ചിട്ടുള്ളത്. അലങ്കാരങ്ങൾ ആഭരണതുല്യമാണെന്ന ആനന്ദവർദ്ധനന്റെ വാക്കുകൾ മുഖവിലക്കെടുത്ത് അവരെല്ലാം അതുതന്നെ ആവർത്തിക്കുന്നു. പക്ഷേ, ധ്വനിസുന്ദരമായ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click Know More

കാവ്യത്തിൽ ഉചിതമായുപയോഗിക്കുമ്പോൾ വ്യഞ്ജകത്വസൗഭാഗ്യമാർന്ന അവ കാവ്യഭാഷയുടെ ബഹിരംഗമല്ലാതായിത്തീരുമെന്ന മർമ്മത്തോളം അവർക്കു കടന്നുചെല്ലാൻ കഴിഞ്ഞില്ല. അതുകൊണ്ട് മമ്മടനും ഹേമചന്ദ്രനും വിദ്യാനാഥനും മറ്റും അലങ്കാരങ്ങളെ രസോപകാരി, രസാനുപകാരി, രസമില്ലാത്തിടത്ത് വാച്യവാചക വൈചിത്ര്യകാരി എന്നു മൂന്നുതരമായി തിരിക്കുകയാണ്.

**46.** ആനന്ദവർധനന്റെ അഭിപ്രായത്തിൽ എന്തൊക്കെയാണ് ധ്വനി ?

(i) വ്യംഗ്യാർത്ഥം

(ii) വ്യഞ്ജനാവ്യാപാരം

(iii) വ്യഞ്ജകമായ അർത്ഥ ശബ്ദശില്പങ്ങൾ

(iv) അലങ്കാരങ്ങൾ

(A) (i) ശരി

(B) (ii)ഉം (iii)ഉം ശരി

(C) (iii)ഉം (iv)ഉം ശരി

(D) (i)ഉം (ii)ഉം (iii)ഉം ശരി

**47.** ധ്വനിരൂപമായ അലങ്കാരങ്ങൾ

(i) ബഹിർഭൂഷണം

(ii) സൂക്ഷ്മസൗന്ദര്യ ഘടകം

(iii) രസപോഷകം

(iv) രസവ്യഞ്ജകം

(A) (i)ഉം (ii)ഉം ശരി

(B) (ii)ഉം (iv)ഉം ശരി

(C) (i)ഉം (iv)ഉം ശരി

(D) (i)ഉം (iii)ഉം (iv)ഉം ശരി

**48.** അലങ്കാരങ്ങൾ ആഭരണതുല്യമാണ് എന്നു പറഞ്ഞത് :

(A) അഭിനവഗുപ്തൻ

(B) ആനന്ദവർധനൻ

(C) കുന്തകൻ

(D) ക്ഷേമേന്ദ്രൻ

**49.** **കാര്യം** : കാളിദാസാദികളായ മഹാകവികളുടെ കൃതികളിലെ അലങ്കാരങ്ങളും ധ്വനിയാണ്.

**കാരണം** :

(i) അവ വാച്യവിശേഷങ്ങളാണ്.

(ii) അവയിൽ ലക്ഷണാർത്ഥങ്ങളുണ്ട്.

(iii) അവ വ്യഞ്ജകസമ്പന്നമാണ്.

(iv) അവയിൽ ഏറെയും ശബ്ദാലങ്കാരങ്ങളാണ്.

(A) കാര്യം ശരി, കാരണം (iv) ശരി.

(B) കാര്യം ശരി, കാരണം (i) ഉം (iii) ഉം ശരി.

(C) കാര്യം ശരി, കാരണം (ii)ഉം (iii)ഉം ശരി.

(D) കാര്യം ശരി, കാരണം (iii) മാത്രം ശരി.

**50.** രസോപകാരി, രസാനുകാരി, വാച്യവാചക വൈചിത്ര്യകാരി എന്നു അലങ്കാരങ്ങളെ തരം തിരിച്ചത് :

(A) ശ്രീശങ്കുകൻ, ഭട്ടനായകൻ, മമ്മടൻ

(B) മമ്മടൻ, വിദ്യാനാഥൻ, അഭിനവഗുപ്തൻ

(C) മമ്മടൻ, ഹേമചന്ദ്രൻ, വിദ്യാനാഥൻ

(D) ശ്രീശങ്കുകൻ, ഹേമചന്ദ്രൻ, മമ്മടൻ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

prepp

# Latest Sarkari jobs, Govt Exam alerts, Results and Vacancies

- Latest News and Notification
- Exam Paper Analysis
- Topic-wise weightage
- Previous Year Papers with Answer Key
- Preparation Strategy & Subject-wise Books

To know more **Click Here**

www.prepp.in